**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **30-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ തെറ്റായ നയം മൂലം സംജാതമാകുന്ന മത്സ്യലഭ്യതക്കുറവും മത്സ്യബന്ധന മേഖലയിലെയും അനുബന്ധ മേഖലയിലെയും തൊഴിലാളികൾക്കുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി മുൻ സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ കരട് മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ 2019 മായി ബന്ധപ്പെട്ട് മുൻ സർക്കാർ കേന്ദ്ര സർക്കാരിൽ സമർപ്പിച്ച നിർദ്ദേശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രസ്തുത നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ദേശീയ മത്സ്യനയത്തിൽ ഉചിതമായ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) | ദേശീയ മത്സ്യനയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിക്കുന്ന നിർദ്ദേശങ്ങൾ പുനഃപരിശോധിയ്ക്കണ മെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. |
| (സി) | കേന്ദ്രത്തിന്റെ കോർപ്പറേറ്റ്-സ്വകാര്യവൽക്കരണത്തിന്റെ ഫലമായി ആഴക്കടലിലെ പല മത്സ്യവിഭവങ്ങളും അമിത ചൂഷണത്തിനിരയാകുകയും സമുദ്രമേഖലയിലെ മത്സ്യബന്ധനം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നത് മത്സ്യമേഖലയിൽ വരുംനാളുകളിൽ വലിയ പ്രതിസന്ധിയ്ക്കിടയാക്കുമെന്ന് കരുതുന്നുണ്ടോ; | (സി) | ആഴക്കടലിൽ വിദേശ ട്രോളറുകൾക്കും കോർപ്പറേറ്റുകളുടെ മത്സ്യബന്ധന യാനങ്ങൾക്കും മത്സ്യബന്ധനം നടത്താൻ സഹായകമായ LOP കേന്ദ്രസർക്കാർ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ട്. ആയതിനാൽ ആഴക്കടലിലെ മത്സ്യവിഭവങ്ങളുടെ അമിത ചൂഷണം ഒരു പരിധിവരെ നിയന്ത്രിയ്ക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഡി) | മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനായി ഫിഷറീസ് വകുപ്പും, മത്സ്യഫെഡ്, മത്സ്യ ബോർഡ്, സാഫ് എന്നീ ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനായി ഫിഷറീസ് വകുപ്പും മത്സ്യഫെഡ്, മത്സ്യ ബോർഡ്, സാഫ് എന്നീ ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ

### A. ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.

1.തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
2. സമ്പാദ്യ സമാശ്വാസ പദ്ധതി.
3.മത്സ്യത്തൊഴിലാളി കുട്ടികൾക്കു വിദ്യാഭ്യാസ ആനുകൂല്യം
4. വിദ്യാതീരം പദ്ധതി
5. തീരദേശത്തുള്ള കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭ തീരം പദ്ധതി.
6. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി നൽകുന്ന പദ്ധതി
7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇന്സുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.
8. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് പദ്ധതി.
9. കടൽ സുരക്ഷാ പദ്ധതികൾ.
10. ഓഖി പുനരധിവാസ പദ്ധതികൾ.
11. മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷുറൻസ് പദ്ധതി.

### B. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)

2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ
   a ടേം വായ്പകൾ
   b. മൈക്രോഫിനാൻസ് വായ്പ
   c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി
3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)
4. വലകൾക്കുള്ള സബ്സിഡി പദ്ധതി
5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
6. നാടൻ വള്ളങ്ങളുടെ നവീകരണം
7. മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ്സ്(Production Bonus)
8. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)
9.ബ്ലൂറവല്യൂഷൻ പദ്ധതി
10.കോട്ടയം ജില്ലയിലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

### C. മത്സ്യബോർഡു വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.

3. വിവാഹ ധനസഹായ പദ്ധതി

4. പെൻഷൻ
5. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി
6. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി
7. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്
8.കുടുംബ സംവിധാന പദ്ധതി
9. മാരകരോഗ ചികിൽസാ പദ്ധതി
10. ചെയർമാൻസ് റിലീഫ് ഫണ്ട്
11.ബോർഡിന്റെ പ്രത്യേക ധനസഹായം
12.പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി
13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
14.ബോധവൽക്കരണ പരിപാടി
15. വിധവാ പെൻഷൻ
16. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി
17. തണൽ പദ്ധതി
18. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി

**അനുബന്ധത്തൊഴിലാളി വിഭാഗം**

1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി
2.വാർദ്ധക്യകാല പെൻഷൻ
3.അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം
4. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി
5. രോഗ ചികിൽസാ പദ്ധതി
6 അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി
7. കുടുംബ സംവിധാന പദ്ധതി
8. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്
9. ബോർഡിന്റെ പ്രത്യേക ധനസഹായം
10. ഉന്നത വിദ്യഭ്യാസ പ്രോൽസാഹന പദ്ധതി
11. പ്രത്യേക പദ്ധതി – തണൽ പദ്ധതി

**<u>D. സാഫ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1. തീരമൈത്രി പദ്ധതി

2. അഷ്ടമുടിഫേസ് II പദ്ധതി

3. 3R Package For Ensuring Sustainable Livelihoods of Fisher women in Kerala (Rebuilding, Revival, Reforms)

4. JLG Project for Ensuring Livelihood Security of Fisher women in Kerala 2020-21 പദ്ധതി

5. തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് 2020-21 പദ്ധതി

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1

1. 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ / ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.

2. കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെൻറ്) ബിൽ- 2019-ൽ കേന്ദ്രസർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെൻറ് എന്നിവ നിലവിലുള്ളത് പോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ തന്നെ നിലനിർത്തണം.

3. നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.

4. നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/ മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.

5. തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.

6. ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.

7 ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

8. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.

9. സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.

10. മത്സ്യ വിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ട് വരണം.

11. നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.

12. നിയമലംഘകരിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.

13. മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.

14. ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും, 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

15, ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ , അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

16. 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെ കൂടി ഉൾപ്പെടുത്തണം.

17. പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള എല്ലാതരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

**സെക്ഷൻ ഓഫീസർ**